**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് -ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപറേഷനുകൾക്കു അവരുടെ പദ്ധതി വിഹിതത്തിൽ നിന്നോ തനതു ഫണ്ടിൽ നിന്നോ തുക ചെലവഴിച്ച് മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.1485/2017/തസ്വഭവ തിരുവനന്തപുരം, തീയതി 08.05.2017

---

പരാമർശം :- 1. 16.03.2017 ലെ 127/16/തസ്വഭവ നമ്പർ സർക്കുലർ
2.ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11.04.2017 -ലെ 1367/D/2017/SM നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2017 -ലെ മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗനിർദേശങ്ങൾ പരാമർശം 1 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മഴക്കാലപൂർവശുചീകരണ പ്രവർത്തനങ്ങൾക്കുള്ള സർക്കാർവിഹിതം വാർഡ് ഒന്നിന് ഗ്രാമപഞ്ചായത്തുകൾക്ക്/മുനിസിപ്പാലിറ്റികൾക്കു 10000/-രൂപ (പതിനായിരം രൂപ)യും കോർപറേഷനുകൾക്ക് 20000/-രൂപ (ഇരുപതിനായിരം രൂപ)യും ശുചിത്വ മിഷൻ മുഖേന നൽകേണ്ടതുണ്ടെന്നും, 2017-18 സാമ്പത്തികവർഷത്തിൽ മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക ലഭ്യമാക്കുവാൻ കാലതാമസം നേരിട്ടുമെന്നതിനാൽ മഴക്കാലം തുടങ്ങുന്നതിനു മുൻപ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ മിഷൻ വഴി ഫണ്ട് നല്കാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ, 2017-2018 വർഷത്തെ ശുചിത്വ മിഷൻ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് തിരികെ നൽകാമെന്ന വ്യവസ്ഥയിൽ, ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപറേഷനുകൾക്കു അവരുടെ പദ്ധതി വിഹിതത്തിൽ നിന്നോ തനതു ഫണ്ടിൽ നിന്നോ തുക ചിലവഴിച്ച് മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ നിർദ്ദേശം നൽകിക്കൊണ്ടും, അജൈവ മാലിന്യപരിപാലനം എന്ന പ്രമേയം അടിസ്ഥാനമാക്കി സ്കൂൾ കുട്ടികൾക്കായി വേനലവധി ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ തുക ( ഒരു ക്യാമ്പിന് 10000 രൂപ എന്ന നിരക്കിൽ)പ്രീ-മൺസൂൺ ക്യാമ്പയിനായി ചെലവഴിക്കുന്ന തുകയുടെ ഭാഗമായി വകയിരുത്തി ചെലവഴിക്കാൻ ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപറേഷനുകൾക്കു അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 2 പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലഭ്യമായ പദ്ധതി വിഹിതത്തിൽ നിന്നോ തനതു ഫണ്ടിൽ നിന്നോ മേൽ പരാമർശിച്ച പ്രകാരം തുക ചെലവഴിച്ച് മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപറേഷനുകൾക്കും അനുമതി നൽകി ഉത്തരവാകുന്നു.

3. 2017-2018 വർഷത്തെ ശുചിത്വ മിഷൻ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ചെലവഴിച്ച തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് റീ-ഇമ്പേഴ്സ് ചെയ്തു നൽകുന്നതാണ്. ശുചിത്വ മിഷനിൽ നിന്നും റീ-ഇമ്പേഴ്സ് ചെയ്തു തുക ലഭിക്കുന്ന മുറയ്ക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആയത് അതാതു ഫണ്ടുകളിൽ വകയിരുത്തേണ്ടതാണ്. മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മഴക്കാലത്തിനു . മുൻപേ പൂർത്തിയാക്കേണ്ടതാണ്. മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾക്ക് മുൻവർഷം ലഭിച്ച ഫണ്ട് വിനിയോഗിച്ചത് സംബന്ധിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു മാത്രമേ 2017-2018 വർഷത്തെ ഫണ്ട് റീ-ഇമ്പേഴ്സ് ചെയ്ത് ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**റ്റി കെ ജോസ്**
**ഗവ. പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും.(പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ നഗര സഭകൾക്കും(നഗരകാര്യ ഡയറക്ടർ മുഖേന )
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും(നഗരകാര്യ ഡയറക്ടർ മുഖേന )
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ